# പതിനാലാം കേരള നിയമസഭ

## (ഏഴാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2927 18.08.2017-ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിൽ നിന്നും കോസ്റ്റൽ ഡെവലപ്പ്മെന്റ് അതോറിറ്റിക്ക് സമർപ്പിച്ച പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| പയ്യന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും കോസ്റ്റൽ ഡെവലപ്പ്മെന്റ് അതോറിറ്റിക്ക് സമർപ്പിച്ച രാമന്തളി പി.എച്ച്.സി. ബിൽഡിംഗ്, കൗവ്വായി സ്കൂൾ കെട്ടിടം, പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ എന്നീ പ്രവൃത്തികളുടെ നടപടിക്രമങ്ങൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ? | പയ്യന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും തീരദേശ വികസന കോർപ്പറേഷന് സമർപ്പിച്ച രാമന്തളി പി.എച്ച്.സിയ്ക്ക് പുതിയ കെട്ടിട നിർമ്മാണം എന്ന പദ്ധതി 2017-18-ലെ മത്സ്യ ത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവും മാനവശേഷി വികസനവും എന്ന പദ്ധതിയിലുൾപ്പെടുത്തി 61.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കിഫ്ബിയുടെ ധനസഹായത്തോടെ കൗവ്വായി ഗവ.യു.പി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മി ക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ തയ്യാറാക്കി സമർപ്പിച്ച 249.56 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് പരിശോധിച്ചുവരുന്നു.<br><br>പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനായി 82 ലക്ഷം രൂപ യുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി KIIFB -യിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നു വെങ്കിലും ആദ്യഘട്ടത്തിൽ ഫിഷ് ഫാമുക ളുടെ പുനരുദ്ധാരണം, വിദ്യാഭ്യാസ ആരോഗ്യ അടിസ്ഥാന സൗകര്യ വികസനം, മത്സ്യമാർക്കറ്റ് ആധുനികവൽക്കരണം എന്നീ ഘടകങ്ങൾ മാത്രം ഏറ്റെടുത്തിരിക്കുന്നതിനാൽ പ്രസ്തുത പദ്ധതി KIIFB- യിൽ ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ